# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3662 17/12/2015-ൽ മറുപടിയ്ക്ക്**

**മാടായി, കടന്നപ്പള്ളി റോഡും പാലവും നിർമ്മാണം**

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ്: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിലെ മാടായി, രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലം നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? ഇത് സംബന്ധിച്ച് സമർപ്പിച്ച ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ? വിശദാംശം നൽകുമോ; | എ) | കണ്ണൂർ ജില്ലയിലെ മാടായി, രാമന്തളി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഓലക്കീൽക്കടവ് പാലത്തിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിരുന്നു. നബാർഡിൽ നിന്നും Formal Sanction ലഭ്യമാകാത്തതിനാൽ ടി ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് NABARD ശീർഷകത്തിൽ അനുമതി നൽകുവാൻ സാധിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ പൂർത്തീകരിച്ചാൽ മാത്രമേ നബാർഡിൽ നിന്നും പദ്ധതികൾക്ക് അനുമതി ലഭിക്കുകയുള്ളൂ. പാലം പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ എന്നിവ നടപ്പിലാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ല. ഇത് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ബി) | കല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി- പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ തീരദേശ റോഡായ മാടൻതട്ട്-ഏര്യം-പാണപ്പുഴ- കച്ചേരിക്കടവ് റോഡിന് നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. വിശദാംശം നൽകുമോ ? | ബി) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട മാടൻതട്ട്- ഏര്യം-പാണപ്പുഴ- കച്ചേരിക്കടവ് റോഡിന്റെ 641 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് നബാർഡ് RIDF-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ആഫീസർ